9. പീരുമേട് ഏലപ്പാറ ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തുടങ്ങിയ കുടിവെള്ള പദ്ധതിയാണ് ഏലപ്പാറ ശുദ്ധജല വിതരണ പദ്ധതി. ഏലപ്പാറ പഞ്ചായത്തിന് സമീപത്തുള്ള നാല് പഞ്ചായത്തുകളിൽ ഈ കുടിവെള്ള പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. ഈ പദ്ധതി കൂടുതൽ പ്രയോജനപ്പെടത്തക്കരീതിയിൽ പെരുവന്താനം പഞ്ചായത്തിലെ കല്ലെപ്പാറവരെയുള്ള ഭാഗങ്ങളിലും വാഗമൺ പ്രദേശങ്ങളിലേക്കും ജലവിതരണം നടത്തുന്നതിനും പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനുമുള്ള നിർദ്ദേശം നൽകുകയും പദ്ധതി പൂർത്തീകരിക്കുന്നതിന് ആവശ്യമായ 7 കോടി രൂപ അനുവദിക്കുകയും ചെയ്യണമെന്ന് അങ്ങയോട് അഭ്യർത്ഥിക്കുന്നു. കുമളി ശുദ്ധജല പദ്ധതിയുടെ പൂർത്തീകരണത്തിന് 4 കോടി രൂപകൂടി അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : സർ, ഏലപ്പാറയ്ക്കും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി ഏതാണ്ട് പൂർത്തീകരണ ഘട്ടത്തിലേക്കാണ്. 21.98 കോടി രൂപയായിരുന്നു. പദ്ധതിയുടെ മൊത്തം അടങ്കൽ 15.77 കോടി രൂപ ചെലവഴിച്ചിട്ടുണ്ട് എന്നാൽ വിതരണശൃംഖല പൈപ്പ് സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള ഫണ്ട് ഇപ്പോൾ ലഭ്യമല്ല. 2010 എസ്.എൽ.എസ്.സി.-യിൽ ഉൾപ്പെടുത്തിക്കൊണ്ട് ഏലപ്പാറ, പീരുമേട്, വണ്ടിപ്പെരിയാർ, പെരുവന്താനം, കൊക്കയാർ പഞ്ചായത്തുകൾക്കുവേണ്ടി മുന്ന് ജലവിതരണ പദ്ധതികൾക്ക് 2010 എസ്.എൽ.എസ്.സി.-യിൽ അനുമതി ലഭിച്ചിട്ടുണ്ട്. അതിൽ ഒന്ന് ഏലപ്പാറ പഞ്ചായത്തിലെ മലമ്പ്രദേശങ്ങളിൽ ശുദ്ധജല വിതരണം നീട്ടുന്നതിനുവേണ്ടി 3,10,00,000 രൂപയും പീരുമേട്, വണ്ടിപ്പെരിയാർ പഞ്ചായത്തുകളിലെ മലമ്പ്രദേശങ്ങളിലേക്ക് ശുദ്ധജല വിതരണം നീട്ടുന്നതിനുവേണ്ടി 9,00,00,000 രൂപയും പെരുവന്താനം, കൊക്കയാർ പഞ്ചായത്തുകളിലെ മലമ്പ്രദേശങ്ങളിലേക്ക് ശുദ്ധജല വിതരണം നീട്ടുന്നതിനുവേണ്ടി 7,00,00,000 രൂപയും ഉൾപ്പെടെ തുകയാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി. ഇതിനുള്ള തുകയാനുമതി നൽകുന്ന മുറയ്ക്ക് മുകളിൽ പറഞ്ഞ 5 പഞ്ചായത്തുകളിലെയും മുഴുവൻ ആളുകൾക്കും കുടിവെള്ളം എത്തിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. രണ്ടാമത് സൂചിപ്പിച്ച കുമളി വിപുലീകരണ പദ്ധതിയുടെ അടങ്കൽ തുക 12 കോടി രൂപയാണ്. 10.14 കോടി രൂപ ഇതിനകംതന്നെ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ നടന്നുവരുന്ന പണികൾക്ക് 54 ലക്ഷം രൂപ ഇനിയും കൊടുക്കാനുണ്ട്. തുകയാനുമതി ലഭിച്ച തുകയ്ക്കാണ് ഇപ്പോൾ പണികൾ നടന്നുവരുന്നത്. കൂടുതലായി വിതരണ ശൃംഖല സ്ഥാപിക്കുന്നതിനായി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടും എസ്റ്റിമേറ്റും തയ്യാറാക്കേണ്ടതായിട്ടുണ്ട്. അതിൽ ഏലപ്പാറ പദ്ധതി പൂർണ്ണതോതിൽ പ്രവൃത്തി ആരംഭിക്കുന്നതിനാവശ്യമായ ഫണ്ട് എസ്.എൽ.എസ്.സി. മുഖാന്തരം ലഭ്യമാക്കുന്നതാണ്. കുമളിയിൽ അതിനുവേണ്ടി സബ്മിറ്റ് ചെയ്യേണ്ടതായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly